**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4317** **09-08-2021 - ൽ മറുപടിയ്ക്ക്**

**കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ ഉരുൾപൊട്ടൽ ദുരന്തത്തെത്തുടർന്ന് നിലമ്പൂർ നിയോജക മണ്ഡലത്തിലെ കവളപ്പാറയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സർക്കാർ സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് തുക അനുവദിച്ചതെന്ന് അറിയിക്കാമോ; ഓരോ കുടുംബത്തിനും അനുവദിച്ച തുകയും, ഇതിനകം എത്ര കുടുംബങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2019 വർഷത്തെ ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് കവളപ്പാറയിലെ 32 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ വീതമാണ് ഓരോ കുടുംബത്തിനും അനുവദിച്ചിട്ടുള്ളത്. ആകെയുള്ള 32 കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിനായി ആറ് ലക്ഷം രൂപ വീതം വിതരണം ചെയ്യുകയും അത് വിനിയോഗിച്ച് 32 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂമി വാങ്ങിയിട്ടുള്ളതുമാണ്. 32 കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന 13 കുടുംബങ്ങൾക്ക് 'റീബിൽഡ് ആപ്പ് വഴിയാണ് ഭവന നിർമ്മാണത്തിനുള്ള തുക നേരിട്ട് വിതരണം ചെയ്തിട്ടുള്ളത്. 19 കുടുംബങ്ങൾക്ക് നിലമ്പൂർ തഹസിൽദാർ മുഖേന ഭവന നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തി തുക വിതരണം ചെയ്ത് വരുന്നു. ഇതിനകം 5 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും, 7 കുടുംബങ്ങൾക്ക് 95,100/- രൂപ വീതവും, 7 കുടുംബങ്ങൾക്ക് 2,95,100/- രൂപ വീതവും ഭവന നിർമ്മാണത്തിനായി തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണ ചുമതല ഏതെങ്കിലും ഏജൻസികളെയോ സംഘങ്ങളെയോ ഔദ്യോഗികമായി ഏൽപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏത് വകുപ്പാണ് ഇതിനായി സംഘങ്ങളെ ചുമതലപ്പെടുത്തിയതെന്നും അറിയിക്കാമോ; | (ബി) | കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണ ചുമതല ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല. |
| (സി) | കവളപ്പാറയില പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം പോത്തുകല്ല് പഞ്ചായത്ത് സ്കിൽ ഡവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സൊസൈറ്റിക്ക് വേണ്ടി ആരാണ് നിർമ്മാണ കരാറിൽ ഒപ്പു വച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | | |
| (ഡി) | കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര വിസ്തീർണ്ണത്തിലാണ് ഓരോ വീടുകളും നിർമ്മിക്കുന്നതെന്നും ആയതിന് കരാർ പ്രകാരം എത്ര തുകയാണ് ചെലവഴിക്കേണ്ടതെന്നും എത്ര സമയം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുമെന്നാണ് കരാറിലുള്ളതെന്നും അറിയിക്കാമോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം ഉത്തരവാദത്തിലാണ് ഭവന നിർമ്മാണം നടത്തുന്നത്. ഓരോ ഭവനങ്ങളുടേയും പ്ലാനും വിസ്തീർണവും നിശ്ചയിക്കുന്നത് ഗുണഭോക്താക്കൾ മാത്രമാണ്. |
| (ഇ) | എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടിയാണ് ഉപ്പട ആനക്കല്ലിൽ ഭൂമി വാങ്ങിയതെന്ന് അറിയിക്കാമോ; നിലവിൽ എത്ര ഭൂമിയിൽ എത്ര കുടുംബങ്ങൾക്കു വേണ്ടിയാണ് ഭവന നിർമ്മാണം നടക്കുന്നതെന്നും ആയതിന്റെ വിശദാംശങ്ങളും നൽകാമോ; ഇതിൽ ആരുടെയെങ്കിലും ഭവനനിർമ്മാണം ആനക്കല്ലിൽ നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ? | (ഇ) | സ്ഥലം വാങ്ങുന്നതിന് സർക്കാരിൽ നിന്നും നേരിട്ട് ലഭിച്ച തുക വിനിയോഗിച്ച് 32 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉപ്പട ആനക്കല്ലിൽ ഭൂമി വാങ്ങിയിട്ടുണ്ട്. ഒരു ഗുണഭോക്തൃ കുടുംബം 0.0384 ഹെക്ടർ ഭൂമിയും, മറ്റ് 31 കുടുംബങ്ങൾ 0.0405 ഹെക്ടർ ഭൂമി വീതവുമാണ് വാങ്ങിയിട്ടുള്ളത്. 13 കുടുംബങ്ങൾക്ക് റീബിൽഡ് ആപ്പ് വഴി ഭവന നിർമ്മാണത്തിന് 4ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. റീബിൽഡ് ആപ്പിൽ ഉൾപ്പെടാത്ത 19 ഗുണഭോക്താക്കളുടെ വീടുകളുടെ തറ നിർമ്മാണത്തിന് 95,100/- രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. തറ നിർമ്മാണം പൂർത്തീകരിച്ച ഏഴ് ഗുണഭോക്തൃ കുടുംബങ്ങൾക്ക് അടുത്ത നിർമ്മാണ ഘട്ടത്തിനായി 2 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം നടക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ